# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 3680
### 23.08.2017 ലെ മറുപടിയ്ക്ക്

**ട്രഷറികളിൽ നിക്ഷേപക സൗഹൃദ അന്തരീക്ഷത്തിന് നടപടി**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.ബി.ഡി.ദേവസ്സി | | ബഹുമാനപ്പെട്ട ധനകാര്യവും കയറും വകുപ്പ് മന്ത്രി<br>ശ്രീ. റ്റി. എം. തോമസ് ഐസക്ക് |
| (എ) | സംസ്ഥാനത്തെ ട്രഷറികൾ പരിഷ്ക്കരിച്ച് എ.ടി.എം സൗകര്യമടക്കമുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ; | 14.12.2012 ലെ G.O(Rt) No.10460/12/Fin പ്രകാരം സംസ്ഥാനത്തെ 4 ട്രഷറികളിൽ ATM സംവിധാനം ഏർപ്പെടുത്താൻ സർക്കാർ ഭരണാനുമതി നൽകിയിരുന്നു. എന്നാൽ പ്രസ്തുത തീരുമാനം വഴി നടപ്പിലാക്കുന്ന Stand alone ATM കൾ ഇടപാടുകാർക്ക് ഏറെ ഗുണപ്രദമാകില്ല എന്ന കാരണത്താൽ സംസ്ഥാനത്തെ ട്രഷറികളിൽ എ.ടി.എം സംവിധാനം ഏർപ്പെടുത്തുന്നത് നിലവിൽ പരിഗണനയിലില്ല. എന്നാൽ ട്രഷറി അക്കൗണ്ടുകളിലുള്ള പണം, അക്കൗണ്ട് ഉടമകൾക്ക് യഥേഷ്ടം ബാങ്ക് അക്കൗണ്ടുകളിലേക്ക് മാറ്റുന്നതിനും അതുവഴി ബാങ്ക് എ.ടി.എം. ലൂടെ തുക പിൻവലിക്കുന്നതിനുള്ള സൗകര്യം നടപ്പിലാക്കാനുമുള്ള നിർദ്ദേശം ഈ സർക്കാരിന്റെ പരിഗണനയിലുണ്ട്. |
| (ബി) | ട്രഷറി നിക്ഷേപങ്ങൾ ആകർഷകമാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | ട്രഷറി നിക്ഷേപങ്ങൾ ആകർഷകമാക്കുന്നതിനും നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിനായി ഇതര ധനകാര്യ സ്ഥാപനങ്ങൾ നൽകുന്നതിനേക്കാൾ ഉയർന്ന പലിശ നിരക്കാണ് ട്രഷറി സ്ഥിര നിക്ഷേപങ്ങൾക്ക് നൽകി വരുന്നത്. സീനിയർ സിറ്റിസൺസ് പ്രായപരിധി സംസ്ഥാന സർക്കാർ ജീവനക്കാരുടെ പെൻഷൻ പ്രായമായ 56 വയസ്സാക്കി നിജപ്പെടുത്തിയതിലൂടെ 0.5% അധിക നിരക്ക് നൽകി റിട്ടയർമെന്റ് ആനുകൂല്യങ്ങൾ ട്രഷറികളിൽ സ്ഥിരനിക്ഷേപമായി നിലനിർത്താൻ സ്വീകരിച്ചിട്ടുള്ള നടപടികൾ ട്രഷറി നിക്ഷേപങ്ങൾ ആകർഷകമാക്കുന്നു. കാലാവധി പൂർത്തിയായശേഷവും, സ്ഥിരനിക്ഷേപങ്ങൾ നിക്ഷേപകന് പലിശനഷ്ടം കൂടാതെ പുതുക്കി നൽകാനുള്ള സംവിധാനവും ഇതിന്റെ ഭാഗമാണ്. സംയോജിത ധനകാര്യ മാനേജ്മെന്റ് |

| | | |
|---|---|---|
| | | സംവിധാനത്തിന്റെ ഭാഗമായി ട്രഷറികളിൽ കോർ ബാങ്കിങ് സമ്പ്രദായം ആരംഭിച്ചിട്ടുള്ളതും സ്ഥിരനിക്ഷേപങ്ങളുടെ പ്രതിമാസ പലിശ ട്രഷറി സേവിങ്സ് ബാങ്ക് അക്കൗണ്ട് വഴിയാക്കിയതും ട്രഷറി നിക്ഷേപങ്ങളെ കൂടുതൽ ആകർഷകമാക്കുന്നു. നിക്ഷേപങ്ങളുടെ പലിശ റ്റി.എസ്.ബി. അക്കൗണ്ടിൽ എല്ലാ മാസവും ആദ്യദിനം വരവ് വയ്ക്കപ്പെടുന്നുവെന്നതും നിക്ഷേപകർക്ക് കോർബാങ്കിങ് സമ്പ്രദായത്തിൽ ഏതു ട്രഷറിയിൽ നിന്നും പലിശ കൈപ്പറ്റാൻ സാധിക്കുമെന്നതും ട്രഷറി നിക്ഷേപങ്ങളെ ആകർഷകമാക്കുന്നു. റ്റി.എസ്.ബി. അക്കൗണ്ടിൽ നിലനിൽക്കുന്ന തുകയ്ക്ക് സേവിങ്സ് ബാങ്കിലെ നിരക്കിലെ പലിശ പ്രതിമാസം നൽകാൻ തീരുമാനിച്ചിട്ടുള്ളതും ട്രഷറി നിക്ഷേപങ്ങളെ ഇതര ധനകാര്യ സ്ഥാപനങ്ങളിലേക്കാൾ ആകർഷകമാക്കുന്നു. |
| (സി) | ട്രഷറികളിൽ നിക്ഷേപക സൗഹൃദ അന്തരീക്ഷം ഉണ്ടാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | ട്രഷറികളിൽ എത്തുന്ന നിക്ഷേപകരോട് സൗഹാർദ്ദ പരമായി ഇടപെടുന്നതിനും നിക്ഷേപ സൗഹൃദമായ അന്തരീക്ഷം സൃഷ്ടിക്കുന്നതിനും ആവശ്യമായ പരിശീലനം കാലാകാലങ്ങളിൽ ജീവനക്കാർക്ക് നൽകി വരുന്നുണ്ട്. കൂടാതെ ട്രഷറികളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തി നിക്ഷേപ സൗഹൃദമാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ